# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 267 — 09.06.2014-ലെ മറുപടിക്ക്

### ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം

ചോദ്യം — മറുപടി

ശ്രീ.ജി.സുധാകരൻ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്, ആലപ്പുഴ ജില്ലാ ജയിലിനോട് ചേർന്ന് പോലീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ജയിൽ വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) യും (സി) യും | നിലവിൽ ആലപ്പുഴ ജില്ലാ ജയിൽ സ്ഥിതി ചെയ്യുന്നത് ആലപ്പുഴ വെസ്റ്റ് വില്ലേജിൽ 518/01 സർവ്വേ നമ്പരിൽപ്പെട്ട പോലീസ് വകുപ്പിന്റെ കൈവശമുള്ള കെട്ടിടത്തിലാണ്. ടി ഭൂമി ആകെ 2.38 ഏക്കറാണ്. ഇതിൽ 1.19 ഏക്കറിൽ ഡി.എസ്.പി. ഓഫീസും 0.69 ഏക്കറിൽ ആലപ്പുഴ ജില്ലാ ജയിലും, 0.50 ഏക്കറിൽ വയർലെസ്സ് സ്റ്റേഷനും സ്ഥിതി ചെയ്യുന്നു. ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വയർലെസ്സ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന 0.50 ഏക്കർ സ്ഥലംകൂടി ജയിൽ വകുപ്പിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) പോലീസ് വകുപ്പിൽ നിന്നും സ്ഥലം ലഭ്യമായാൽ ജില്ലാ ജയിലിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ